സ്കൂൾ പാഠപുസ്തക അച്ചടി

70 (1092) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ സ്കൂൾ പാഠപുസ്തക അച്ചടി നിർവ്വഹിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമായി അറിയിക്കുമോ ;

(ബി) നടപ്പ് അദ്ധ്യയന വർഷത്തെ സ്കൂൾ പാഠപുസ്തക അച്ചടി ജോലികൾ സർക്കാർ പ്രസ്സുകളെ ഏല്പിച്ചത് എന്നുമുതലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) അച്ചടി നിർവ്വഹിക്കാനാവശ്യമായ പേപ്പറും മഷിയും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ അച്ചടി വകുപ്പിന് എത്തിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആരെയെന്ന് അറിയിക്കുമോ ;

(ഡി) വിദ്യാഭ്യാസ വകുപ്പും അച്ചടി വകുപ്പും നേരിട്ട് ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തടസ്സങ്ങളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) മധ്യവേനലവധിക്കാലത്തുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കത്തക്കവിധം 2014 നവംബർ മാസംതന്നെ പേപ്പർ വാങ്ങുന്നതിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ മാറ്റമുള്ള ക്ലാസ്സുകളായ 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ ടൈറ്റിലുകളും പാഠസംഗ്രഹവും ജനുവരി മാസം എസ്.സി.ഇ.ആർ.ടി.യിൽനിന്ന് ലഭിച്ച ഉടൻതന്നെ ജനുവരി 2015-ൽ ഐ.ടി. സ്കൂൾ വെബ്സൈറ്റിൽ സ്കൂളുകളിൽനിന്ന് ലഭിച്ച ഇൻഡന്റും ഉൾക്കൊള്ളിച്ച് ഫൈനൽ പ്രിന്റ് ഓർഡർ കെ.ബി.പി.എസ്.-ന് ജനുവരി മാസം കൈമാറുകയുണ്ടായി. അച്ചടിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ടായിരുന്നു. സർക്കാർ സംഘടിപ്പിച്ച ഉന്നതതലയോഗങ്ങളിൽ അതാത് സമയത്തെ അച്ചടി, വിതരണം എന്നിവയിലെ തടസ്സങ്ങൾ സംബന്ധിച്ച് അവലോകനം ചെയ്തിരുന്നു. 2015-16 അദ്ധ്യയന വർഷത്തെ ഹയർസെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2015 ഫെബ്രുവരി മാസത്തിൽതന്നെ കേരള സർക്കാരിന് കീഴിലുള്ള C-apt എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. Accountancy Part II, Themes in Kerala History എന്നീ രണ്ട് പുസ്തകങ്ങളൊഴികെ ബാക്കിയെല്ലാ പുസ്തകങ്ങളും അച്ചടി പൂർത്തിയാക്കി വിതരണം നടത്തിയിട്ടുണ്ട്. ജൂലൈ 15-നകം അച്ചടി പൂർത്തീകരിക്കുന്നതും 31-നകം വിതരണം ചെയ്യുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 12-5-2015-ലെ സർക്കാർ കത്ത് നമ്പർ 13473/H3/15/H.Edn പ്രകാരമാണ് പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സുകളിൽ അച്ചടിക്കാനായി നിർദ്ദേശം നൽകിയത്.

(സി) പേപ്പറും മഷിയും ഉൾപ്പെടെയുള്ള പ്രിന്റിംഗ് മെറ്റീരിയൽ സർക്കാർ പ്രസ്സുകൾക്ക് കൈമാറി നൽകാൻ കെ.ബി.പി.എസ്.-നെയും സ്റ്റേഷനറി കൺട്രോളറെയുമാണ് ചുമതലപ്പെടുത്തിയിരുന്നത്.

(ഡി) തടസ്സങ്ങൾ ഒന്നുംതന്നെ ശ്രദ്ധയിൽ വന്നിട്ടില്ല.

അംഗീകൃത സ്കൂളുകൾ

71 (1093) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അംഗീകൃത സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട് ;

(ബി) അംഗീകാരമില്ലാതെ സ്റ്റേറ്റ് സിലബസ്സിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിരുന്നത് ഏത് തീയതിയിലായിരുന്നു ; എത്ര തവണ സമയം നീട്ടിക്കൊടുത്തുവെന്നും ലഭിച്ച അപേക്ഷകൾ എത്രയായിരുന്നുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇതിൽ അംഗീകാരം നൽകുന്നതിനായി തെരഞ്ഞെടുത്ത സ്കൂളുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ഡി) ഏത് മാനദണ്ഡ പ്രകാരമാണ് അംഗീകാരത്തിനുള്ള അർഹത നിർണ്ണയിച്ചത് ; മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്നും ഏത് തലത്തിലാണ് അംഗീകാരം നൽകിയതെന്നും അറിയിക്കുമോ ;

(ഇ) ഇതുമൂലം അടച്ചുപൂട്ടൽ ഭീഷണിയിലായ സ്കൂളുകൾ എത്രയാണ് ; എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ 4619 സ്കൂളുകളും എയ്ഡഡ് മേഖലയിൽ 7145 സ്കൂളുകളും അൺഎയ്ഡഡ് മേഖലയിൽ 1159 സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly